(23) എയർപോർട്ട്-സീ പോർട്ട് റോഡ് നിർമ്മാണം

ശ്രീ. എ. എം. യൂസഫ്: സർ, എറണാകുളം ജില്ലയിൽ ഗതാഗത കുരുക്കുണ്ടെന്നുള്ളത് എല്ലാവർക്കും അറിയാം. സീ പോർട്ട്-എയർപോർട്ട് റോഡിന്റെ പണി എച്ച്.എം.ടി. വരെ വന്നുനിൽക്കുകയാണ്. അവിടെ ഭൂമിയുടെ സർവ്വേ നടന്നിട്ട് ആറ് കൊല്ലം കഴിഞ്ഞു. ആ റോഡ് ഏറ്റെടുക്കാനുള്ള തീരുമാനം ഇന്നുവരെ എടുത്തിട്ടില്ല. വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ കൂടി വന്നുകഴിഞ്ഞാൽ അവിടെയുണ്ടാകുന്ന ബുദ്ധിമുട്ട് ഇന്നുള്ളതിനെക്കാൾ ഇരട്ടിയായിരിക്കും. അത് ഒഴിവാക്കുന്നതിനുവേണ്ടി നിലവിൽ ഏറ്റെടുത്ത സ്ഥലംതന്നെ പ്രയോജനപ്പെടുത്തിക്കൊണ്ട് ആ റോഡ് എയർപോർട്ട് വരെ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): സർ, നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളവും കാക്കനാട് വഴി കൊച്ചിൻ പോർട്ടും തമ്മിൽ ബന്ധിപ്പിക്കുന്ന എയർപോർട്ട്-സീ പോർട്ട് റോഡിന്റെ നിർമ്മാണം പല ഘട്ടങ്ങളായി തിരിച്ചിരിക്കുകയാണ്. അതിൽ ഒന്നാംഘട്ടമായ കളമശ്ശേരി മുതൽ കരിങ്ങാച്ചിറ-തൃപ്പൂണിത്തുറ വരെയുള്ള രണ്ട് ലൈൻ റോഡ്-13 കിലോമീറ്ററിന്റെ നിർമ്മാണം പൂർത്തീകരിച്ചു കഴിഞ്ഞു. ഇതിന്റെ രണ്ടാംഘട്ടമായ കളമശ്ശേരി മുതൽ കരിയാട് 19.9 കിലോ മീറ്റർ വരെയുള്ള റോഡിന്റെ സാധ്യതാ പഠനം ഫെഡോ നടത്തുകയും അലൈൻമെന്റ് നിശ്ചയിക്കുകയും ചെയ്തു. അലൈൻമെന്റ് നിശ്ചയിച്ചതിന് ലാന്റ് അക്വിസിഷൻ വേണം. പെരിയാറിന് കുറുകെയുള്ള പാലം, നെടുവന്നൂർ റെയിൽവേ മേൽപ്പാലം, റോഡ് നിർമ്മാണം എന്നിവയുൾപ്പെടെ 372.56 കോടി രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഈ റോഡ് സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഇതിന്റെ മൂന്നാം ഘട്ടം, കരിങ്ങാച്ചിറ മുതൽ എൻ.എച്ച്-49 ബൈപ്പാസിലേക്കുള്ള ആറ് കിലോമീറ്റർ റോഡാണ്. വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനൽ പൂർത്തിയാകുന്നതോടെ കൊച്ചി നഗരത്തിലും പ്രാന്തപ്രദേശങ്ങളിലുമുണ്ടാകുന്ന ഗതാഗത തടസ്സം വളരെ കുറയ്ക്കാൻ സഹായകമാകുന്ന ഈ റോഡിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(24) കുടിവെള്ള പദ്ധതികളുമായി ബന്ധപ്പെട്ട റോഡുകൾ

ശ്രീ. കെ. അജിത്: സർ, വൈക്കത്തെ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട ചെമ്പുപാലം-കടവ്, പുളിഞ്ചുവട്-ചേരുംചുവട്, വൈക്കം-വെച്ചൂർ, വടയ-ചന്തപ്പാലം, തലപ്പാറ-നീർപ്പാറ എന്നീ റോഡുകൾ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുവേണ്ടി കുഴിച്ചതിനാൽ ഒന്നുരണ്ടു വർഷക്കാലമായി സഞ്ചാരയോഗ്യമല്ലാത്ത അവസ്ഥയിലാണ്. ഇക്കാര്യം ഈ മന്ത്രിസഭയിലെ ഒട്ടുമിക്ക മന്ത്രിമാർക്കും നേതാക്കന്മാർക്കുമെല്ലാം അറിവുള്ളതാണ്. ഇതെന്നാൾ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് ചെയ്യണോ പി.ഡബ്ല്യു.ഡി. ചെയ്യണോ എന്നുള്ള തർക്കമായിരുന്നു. അതുകഴിഞ്ഞ് 9 മാസക്കാലം മഴയുടെ താമസം പറഞ്ഞു. ഇപ്പോൾ പണമില്ലെന്നാണ് പറയുന്നത്. അടിയന്തരമായി ചെയ്യേണ്ട പരിപാടികൾ

LIBRARY ARCHIVES Kerala Legislative Assembly